"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

15 YEARS OF CELEBRATING THE MAHATMA

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - കേരള സ്റ്റേറ്റ് ഓർഗൻ & ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെ-സോട്ടോ) - മസ്തിഷ്ക മരണാനന്തര അവയവദാന പദ്ധതിയ്ക്ക് 'മൃതസഞ്ജീവനി' എന്ന പേര് ഔദ്യോഗിക അനുമതി കൂടാതെ ഉപയോഗിച്ച നടപടി സാധൂകരിച്ചും ഈ പേര് തുടർന്നും ഉപയോഗിക്കുന്നതിന് അനുമതി നൽകിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2328/2022/H&FWD തീയതി,തിരുവനന്തപുരം, 24-09-2022

---

പരാമർശം:- കേരള സ്റ്റേറ്റ് ഓർഗൻ & ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെ-സോട്ടോ) എക്സിക്യൂട്ടീവ് ഡയറക്ടറുടെ 06.09.2022 ലെ 1175/എ/2022/കെ-സോട്ടോ നമ്പർ കത്ത്.

**ഉത്തരവ്**

2012 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന മസ്തിഷ്ക മരണാനന്തര അവയവദാന പദ്ധതിയ്ക്ക് ഔദ്യോഗിക അനുമതി കൂടാതെ 'മൃതസഞ്ജീവനി' എന്ന പേര് ഉപയോഗിച്ച നടപടി സാധൂകരിക്കണമെന്നും കേരള സ്റ്റേറ്റ് ഓർഗൻ & ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെ-സോട്ടോ) സ്ഥാപിച്ച് ആയത് സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെങ്കിലും പൊതുജനങ്ങൾക്കിടയിൽ 'മൃതസഞ്ജീവനി' എന്ന പേര് പ്രചാരം നേടിയിട്ടുള്ളതിനാൽ ഈ പേര് തുടർന്നും ഉപയോഗിക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശത്തിലെ കത്ത് പ്രകാരം കേരള സ്റ്റേറ്റ് ഓർഗൻ & ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2012 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന മസ്തിഷ്ക മരണാനന്തര അവയവദാന പദ്ധതിയ്ക്ക് ഔദ്യോഗിക അനുമതി കൂടാതെ 'മൃതസഞ്ജീവനി' എന്ന പേര് ഉപയോഗിച്ച നടപടി സാധൂകരിച്ചും പൊതുജനങ്ങൾക്കിടയിൽ 'മൃതസഞ്ജീവനി' എന്ന പേര് പ്രചാരം നേടിയിട്ടുള്ളതിനാലും ടി പേര് മസ്തിഷ്ക മരണാനന്തര അവയവദാന പദ്ധതിയെ അന്വർത്ഥമാക്കുന്നതിനാലും ഈ പേര് തുടർന്നും ഉപയോഗിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ K
ഡെപ്യൂട്ടിസെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ഡോ. നോബിൾ ഗ്രേഷ്യസ്, എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓർഗൻ & ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ, പഴയ ഹൗസ് സർജൻസ് ബ്ലോക്ക്, സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന് സമീപം, സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Rajesh G.s**
**Date: 24-09-2022 16:55:50**
സെക്ഷൻ ഓഫീസർ

പകർപ്പ്- ആരോഗ്യവും വനിതാ-ശിശുവികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്